LIBRARY ARCHIVES Kerala Legislative Assembly

സംബന്ധമായ എൻക്വയറി കമ്പ്യൂട്ടർ വത്കരിക്കുകയും 2003-ൽ കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റ് ആരംഭിക്കുകയും ചെയ്തു. രണ്ടാം ഘട്ടത്തിൽ വൈഡ് ഏരിയ നെറ്റ് വർക്ക് (WAN) ഉപയോഗിച്ച് ആസ്ഥാന ഓഫീസിലെ പ്രവർത്തനങ്ങളെ ജില്ലാ മേഖലാ ഓഫീസുകളുമായി ബന്ധിപ്പിക്കുന്നതിനായി REACT സോഫ്റ്റ്വെയർ നവീകരിച്ച് i-REACT എന്ന സോഫ്റ്റ്വെയർ തയ്യാറാക്കുകയും സെക്ഷൻ തല കമ്പ്യൂട്ടർ വത്കരണം നടപ്പിലാക്കുകയും സ്വന്തമായി സെർവറുകൾ ഡാറ്റാബേസിനായി തയ്യാറാക്കുകയും ചെയ്തു. 2007- ജനുവരി മുതൽ ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കുകയും വെബ്മെയിൽ സംവിധാനം ആവിഷ്കരിക്കുകയും ചെയ്തു. മൂന്നാം ഘട്ടത്തിൽ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ പൂർണ്ണമായും കമ്പ്യൂട്ടർ വത്കരിച്ച് വിജ്ഞാപനം നടന്ന് ഒരു വിഷയത്തിനുള്ളിൽ റാങ്ക് പട്ടിക പുറത്തിറക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 2010-ൽ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. 2011-ൽ M-Governance ആരംഭിച്ചത് വഴി ഉദ്യോഗാർത്ഥികൾക്ക് മൊബൈൽ ഫോണിൽ മെസേജുകൾ നൽകാൻ കഴിയുന്നു. ഒറ്റത്തവണ രജിസ്ട്രേഷൻ 1-1-2012-ൽ ആരംഭിച്ചു. 2012 -ൽ ഡിപ്പാർട്ട്മെന്റൽ ടെസ്റ്റിന് ഒ.എം.ആർ. മൂല്യനിർണ്ണയം ആരംഭിച്ചു കൂടാതെ ഉദ്യോഗാർത്ഥികൾക്ക് അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്യാൻ സാധിക്കുന്ന വിധത്തിൽ കമ്പ്യൂട്ടർവത്കരണം പുരോഗമിച്ചിട്ടുണ്ട്. C-DIT-ന്റെ സഹകരണത്തോടെ 7-9-2013 മുതൽ ഓൺലൈൻ പരീക്ഷ നടത്തിവരുന്നു. തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം എന്നിവിടങ്ങളിലായി മൂന്ന് ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ പി.എസ്.സി ആരംഭിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിലുണ്ടാകുന്ന ഒഴിവുകൾ കാലവിളംബം കൂടാതെ പി.എസ്.സി.-യെ അറിയിക്കുന്നതിനായി e-vacancy എന്ന സോഫ്റ്റ് വെയറും ആരംഭിച്ചിട്ടുണ്ട്.തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ വേഗത്തിലും സുതാര്യവുമാക്കാനാണ് പി. എസ്.സി.-യിൽ ഇ - ഗവേണൻസ് നടപ്പിലാക്കി വരുന്നത്.

(സി) സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതം ഉപയോഗിച്ചാണ് കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ ഓഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണം നടത്തിവരുന്നത്. കോഴിക്കോട് ജില്ലയിൽ ഓൺലൈൻ പരീക്ഷാ കേന്ദ്രം സ്ഥാപിക്കുന്നതിനായി സിവിൽ & ഇലക്ട്രിക് വർക്കുകൾക്ക് തുക അനുവദിക്കുന്നതിനായി ടി പ്രവർത്തിക്ക് ഭരണാനുമതി നൽകുന്നതിനാവശ്യമുള്ള എസ്റ്റിമേറ്റ് സഹിതം പ്രൊപ്പോസൽ സമർപ്പിക്കുവാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

വിവിധ വകുപ്പുകളിൽ ഡ്രൈവർ/ഓഫീസ് അറ്റൻഡന്റ് നിയമനം

7 (3508) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിൽ ഡ്രൈവർ തസ്തികയിൽ നിയമനം നടത്തേണ്ടതില്ലെന്ന് ഉത്തരവായിട്ടുണ്ടോ;

(ബി) എങ്കിൽ അങ്ങനെ ഉത്തരവിറക്കിക്കൊണ്ടുള്ള സാഹചര്യങ്ങൾ വ്യക്തമാക്കാമോ;

(സി) ഇതിന്റെ വിശദാംശങ്ങൾ ഉത്തരവിന്റെ പകർപ്പ് സഹിതം ലഭ്യമാക്കാമോ;

(ഡി) ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനങ്ങളും ഒഴിവാക്കപ്പെട്ടുമോ;

(ഇ) കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത ഉള്ളവർക്ക് ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം ലഭിക്കുമെന്ന പ്രതീക്ഷ ഇല്ലാതാക്കുന്ന ഈ നടപടി റദ്ദാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഡ്രൈവർ തസ്തികയിൽ നിയമനം നടത്തേണ്ടതില്ലെന്ന് ഉത്തരവായിട്ടില്ല

(സി) ശ്രീ. ഉണ്ണി ജോസ് കെ. ജോയ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത 505/2011 നമ്പർ റിട്ട് അപ്പീലിലെ 26-6-2012-ലെ വിധിന്യായത്തിൽ സർക്കാർ സർവ്വീസിലെ ഡ്രൈവർമാരിൽ ബഹുഭ്രിപക്ഷവും അര മണിക്കൂറോ ഒരു മണിക്കൂറോ മാത്രമാണ് ജോലി ചെയ്യുന്നതെന്നും ആയതിനാൽ ഇവരുടെ സേവനം മുഴുവൻ സമയവും സർക്കാരിൽ ലഭിക്കുന്നതിന് ഡ്രൈവർ ജോലിയും പ്യൂൺ ജോലിയും ഒരുമിപ്പിച്ചാൽ സർക്കാരിന് സാമ്പത്തിക ചെലവ് ചുരുക്കാൻ സഹായകമാകുമെന്നും ബഹു. ഹൈക്കോടതി നിരീക്ഷിക്കുകയും ഈ നിർദ്ദേശം മന്ത്രിസഭയുടെ പരിഗണനയ്ക്ക് വയ്ക്കാൻ ചീഫ് സെക്രട്ടറിയോട് നിർദ്ദേശിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചീഫ് സെക്രട്ടറി, ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പ് അഡീ.ചീഫ് സെക്രട്ടറി, ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ് സെക്രട്ടറി എന്നിവരടങ്ങുന്ന ഒരു സമിതി രൂപീകരിക്കുകയും ഈ സമിതി 'ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ്' എന്ന ഒരു തസ്തിക സൃഷ്ടിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. ഈ നിർദ്ദേശം മന്ത്രിസഭാ യോഗം അംഗീകരിക്കുകയും തുടർന്ന് സംസ്ഥാന സർക്കാർ സർവ്വീസിൽ 'ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ്' എന്ന തസ്തിക സൃഷ്ടിച്ചുകൊണ്ടും ഭാവിയിൽ ഡ്രൈവർമാരെ നിയമിക്കേണ്ടത് മേൽപ്പറഞ്ഞ പുതിയ തസ്തികയിലായിരിക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ടും 14-3-2013 ലെ സ.ഉ.(കൈ) 72/2013 പൊ.ഭ.വ. നമ്പർ പ്രകാരം ഉത്തരവിറക്കുകയും ചെയ്തിരുന്നു. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.)*

(ഡി) ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 'ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ്' എന്ന ഒരു തസ്തിക സൃഷ്ടിക്കപ്പെടുകയാണ് ചെയ്തിട്ടുള്ളത്. അല്ലാതെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനം ഈ ഉത്തരവു പ്രകാരം ഒഴിവാക്കപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ ഉത്തരവ് ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനത്തെ ബാധിക്കുകയില്ല.

ഉന്നത ഉദ്യോഗസ്ഥർക്കെതിരെയുള്ള പരാതികൾ

8 (3510) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വകുപ്പ് അദ്ധ്യക്ഷൻമാർ, വകുപ്പ് സെക്രട്ടറിമാർ മുതലായ ഉന്നത ഉദ്യോഗസ്ഥർക്കെതിരെ പരാതികൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ആർക്കെല്ലാമെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത ഉദ്യോഗസ്ഥരിൽ ആരെയൊക്കെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്; ആരെയെല്ലാം തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) ഈ ഉദ്യോഗസ്ഥർക്ക് ഓരോരുത്തർക്കുമെതിരെയുള്ള കേസുകളുടെ തൽസ്ഥിതി വിശദമാക്കാമോ?

ഉത്തരം

(എ-സി) അഖിലേന്ത്യാ സർവ്വീസിലെ ഉദ്യോഗസ്ഥരായ ശ്രീ. ടി.ഒ. സൂരജ് ഐ.എ.എസ്., ഡോ. ബി. അശോക് ഐ.എ.എസ്. എന്നിവർക്കെതിരെ ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ വകുപ്പുതല അച്ചടക്കനടപടി സ്വീകരിച്ചിട്ടുണ്ട്. ശ്രീ. സൂരജ് ഐ.എ.എസ്.-നെ 22-11-2014 മുതൽ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. ടിയാനെ ഇതുവരെ സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടില്ല. ശ്രീ. സൂരജിനെതിരെയുള്ള വിജിലൻസ് കേസുകളുടെ അന്വേഷണം നടന്നുവരുന്നു.

സംസ്ഥാന സർവ്വീസിലെ ഉദ്യോഗസ്ഥരായ മറ്റ് വകുപ്പുതലവന്മാരെ സംബന്ധിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

തിരുമല ശ്രീ ബാബു അലക്സ് നൽകിയ നിവേദനം

9 (3511) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹു.കേരള മുഖ്യമന്ത്രിക്ക് തിരുമല ശ്രീ ബാബു അലക്സ് 17-11-2015 ആയി നൽകിയ നിവേദനത്തിലെ പ്രധാന ആവശ്യങ്ങൾ എന്തെല്ലാമാണ്;

(ബി) ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ;

(സി) പെരുമാറ്റ ചട്ടങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന വകുപ്പു തലവനെതിരെ എന്തു നടപടിയാണ് സ്വീകരിച്ചത്;

LIBRARY ARCHIVES Kerala Legislative Assembly